## ഹദീസ്

കെ.സി ജലീൽ പുളിക്കൽ

# സന്മാർഗ സരണിയിലെ സമരം

عَنْ أَبِي مُوسَى عَبْدِ اللَّه بْن قَيْسِ الأَشْعَرِى (ر) قَال: سُئِلَ رَسُولُ اللَّهِ صلى الله عليه وسلم عَنِ الرَّجُلِ يُقَاتِلُ شَجَاعَةً وَيُقَاتِلُ حَمِيَّةً وَيُقَاتِلُ رِيَاءً فَأَىُّ ذَلِكَ فِي سَبِيلِ اللَّهِ؟ فَقَالَ رَسُولُ اللَّهِ (ص): مَنْ قَاتَلَ لِتَكُونَ كَلِمَةُ اللَّهِ هِيَ الْعُلْيَا فَهُوَ فِي سَبِيلِ اللَّهِ (متفق عليه).

**അബൂമൂസ (റ)യിൽനിന്ന് നിവേദനം: "ധീരത പ്രകടിപ്പിക്കാൻ പൊരുതുന്നവർ, ഗോത്ര താൽപര്യത്തിന് പൊരുതുന്നവർ, പ്രശസ്തിക്കായി പൊരുതുന്നവർ ഇവരിലാരാണ് അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യുന്നവർ എന്ന് ചോദിച്ചപ്പോൾ നബി(സ) പറഞ്ഞു: അല്ലാഹുവിന്റെ വചനം ഉന്നതി പ്രാപിക്കാനായി പൊരുതുന്നവനാരോ അവനാണ് ദൈവ മാർഗത്തിലെ പോരാളി."**

മനുഷ്യത്വവിരുദ്ധമായ വിഭാഗീയ-വംശീയ പോരുകളിൽ കക്ഷിചേരലല്ല ഇസ്‌ലാമിക സമൂഹത്തിന്റെ ദൗത്യമെന്നും, മാനവ മോചനത്തിന്റെ പാതയായ ദൈവിക ജീവിത വ്യവസ്ഥിതിയുടെ വിജയത്തിനായി അധ്വാനിക്കലാണ് ദൈവമാർഗത്തിലെ സമരമെന്നും പഠിപ്പിക്കുകയാണ് ഈ നബിവചനം.

ചരിത്രത്തിലെ ഒരു ഇരുണ്ട യുഗത്തിലാണല്ലോ പ്രവാചകൻ ആഗതനാകുന്നത്. ഗോത്രത്തിന്റെയും വംശത്തിന്റെയും കുലമഹിമയുടെയും പേരിൽ നിരന്തര സംഘട്ടനത്തിലേർപ്പെട്ടിരുന്ന അന്നത്തെ സാമൂഹികാവസ്ഥയിലേക്ക് വിരൽ ചൂണ്ടുന്നുണ്ടു പ്രവാചകനോട് ഉന്നയിക്കപ്പെട്ട ചോദ്യം. ഗോത്രത്തിന്റെയും വംശത്തിന്റെയും പേരിലുള്ള യുദ്ധവും സംഘട്ടനവും നിത്യസംഭവമായിരുന്നു അന്നവിടെ. യുദ്ധം അവരുടെ അഭിമാനപ്രശ്നം തന്നെയായിരുന്നു. അക്രമത്തിന്റെ പാത ഉപേക്ഷിച്ച് രഞ്ജിപ്പിന്റെ പാത സ്വീകരിക്കുന്നത് ഭീരുത്വവും കുറച്ചിലുമായാണ് അവർ കണ്ടിരുന്നത്.

എന്തിന് അന്നത്തെ ഇരുണ്ട യുഗം തേടിപ്പോകണം! 'അത്യന്താധുനിക ഇരുണ്ട യുഗം' നമ്മുടെ മുമ്പിലുണ്ടല്ലോ. വംശീയ യുദ്ധഭ്രാന്തിൽ നമ്മുടെ യുഗവും ഒട്ടും പിന്നിലല്ല. പുതിയ കണ്ടുപിടിത്തങ്ങൾ വികസിപ്പിച്ചെടുത്ത അത്യന്തം ആപൽക്കരമായ മാരകായുധങ്ങൾ പഴയ ഇരുണ്ട യുഗത്തെ പഴങ്കഥയാക്കിയിരിക്കുന്നു. നിമിഷങ്ങൾകൊണ്ട് പതിനായിരങ്ങളെ കൊന്നൊടുക്കാനും ലക്ഷങ്ങളെ ദുരിതത്തിലാഴ്ത്താനും പ്രഹരശേഷിയുള്ള ആയുധങ്ങൾ സ്വന്തമാക്കാൻ മത്സരിക്കുകയാണല്ലോ അത്യന്താധുനിക ഇരുണ്ട യുഗം.

എന്നാൽ പോരുകൾക്ക് അടിസ്ഥാനം പഴയതു തന്നെ; ഗോത്ര-വംശ-വർണ-വർഗ-ദേശ, ഭാഷാ താൽപര്യങ്ങൾ. ഇതിലേതിലാണ് സത്യവിശ്വാസികളുടെ റോൾ എന്നാണ് അന്ത്യപ്രവാചകനോടുള്ള ചോദ്യം. ഇവയിലൊന്നും നമുക്കൊരു റോളുമില്ല എന്നു തന്നെയാണ് പ്രവാചകന്റെ ഉറച്ച മറുപടി. ഇവയെല്ലാം കൂരിരുളിന്റെ വിവിധ മുഖങ്ങൾ മാത്രം. കൂരിരുളുകളെ ശക്തിപ്പെടുത്താനുള്ളതല്ല നമ്മുടെ ഊർജം.

വിശ്വാസിസമൂഹത്തിന്റെ പാത തികച്ചും വ്യതിരിക്തമാണ്. അത് മനുഷ്യത്വവിരുദ്ധ പാതയല്ല; മനുഷ്യത്വത്തിന്റെ പാതയാണ്. അത് മനുഷ്യരെ കൊന്നുതള്ളാനുള്ളതല്ല; ജന്മനാട്ടിൽനിന്ന് ആട്ടിയോടിച്ച് നിരാലംബരും നിസ്സഹായരുമാക്കി ദുരിതക്കടലിൽ തള്ളാനുള്ളതുമല്ല. അത് മനുഷ്യനെ ക്ഷേമൈശ്വര്യത്തിലേക്കും സമാധാനത്തിലേക്കും നയിക്കാനുള്ളതാണ്. ഇത് സ്രഷ്ടാവും നിയന്താവും സംരക്ഷകനും കരുണാമയനും ദയാലുവും സർവജ്ഞനുമായ ഏകദൈവത്തിന്റെ പാതയാണ്. വർണ-വർഗ-സാമുദായിക വ്യത്യാസങ്ങൾക്കതീതമായി തുല്യനീതി ഉറപ്പുവരുത്തുന്നതാണ് ഏകനായ അല്ലാഹു നൽകിയ ജീവിത വ്യവസ്ഥ. ഇതിലൂടെ മാത്രമേ മനുഷ്യമോചനം സാധ്യമാകൂ. ''സന്മാർഗവും സത്യദീനുമായി തന്റെ ദൂതനെ അയച്ചത് ഇതര വ്യവസ്ഥകളെയെല്ലാം അതിജീവിച്ച് ദൈവിക വ്യവസ്ഥയെ വിജയിപ്പിച്ചെടുക്കാൻ തന്നെയാണ്'' (അസ്സ്വഫ്ഫ്). ഇതുതന്നെയാണ് 'അല്ലാഹുവിന്റെ വചനം ഉന്നതി പ്രാപിക്കാനായി പൊരുതുക' എന്നതിന്റെ താൽപര്യം. 'മനുഷ്യന്റെ മുതുകൊടിക്കുന്ന ഭാരം അവരിൽ നിന്ന് ഇറക്കിവെച്ച്, അവരെ വരിഞ്ഞുമുറുക്കിയ ചങ്ങല അഴിച്ചുമാറ്റി മനുഷ്യമോചനം സാധ്യമാക്കാനാണ്' പ്രവാചകനെ നിയോഗിച്ചയച്ചതെന്ന ഖുർആന്റെ പ്രഖ്യാപനവും ഇക്കാര്യം തന്നെയാണ് വ്യക്തമാക്കുന്നത്.

അതിനാൽ ഈ പോരാട്ടം മാത്രമാണ് അല്ലാഹു അംഗീകരിച്ച സന്മാർഗ സരണിയിലെ പോരാട്ടം. ഇത് കരുത്തും കരളുറപ്പും തേടുന്ന പോരാട്ടമാണ്. അനീതിയുടെയും ചൂഷണത്തിന്റെയും വക്താക്കൾക്ക് നീതിയുടെയും സമത്വത്തിന്റെയും പര്യായമായ ദൈവിക വ്യവസ്ഥ സഹിക്കാനാവുകയില്ല. മനുഷ്യാടിമത്ത്വത്തെ പൂർണമായി നിരാകരിക്കുന്ന സമ്പൂർണ സ്വാതന്ത്ര്യത്തിന്റെ ഈ ശബ്ദം, മനുഷ്യരെ ജാതി തിരിച്ച് അടിമകളാക്കിവെക്കുന്ന ഫാഷിസ്റ്റ് ശക്തികൾക്കും അംഗീകരിക്കാനാവില്ല.

അതിനാൽ, അല്ലാഹുവിന്റെ പ്രകാശത്തെ ഊതിക്കെടുത്താൻ ദുശ്ശക്തികൾ ഒന്നിച്ച് അണിനിരക്കും, സർവശക്തിയും സംഭരിച്ച് സർവ സന്നാഹങ്ങളുമായി ആഞ്ഞടിക്കും, പ്രലോഭനങ്ങളും പ്രകോപനങ്ങളുമായി നാനാ ഭാഗത്തും നിലയുറപ്പിക്കും. എന്തു സംഭവിച്ചാലും തളരാതെ, ദൈവസഹായവും വിജയവും വിദൂരമല്ലെന്നുറച്ച്, പ്രകോപിതരാകാതെ, സഹനവും സ്ഥൈര്യവും കൈവിടാതെ, അല്ലാഹുവിന്റെ ദീനിന്റെ വിജയം ലക്ഷ്യം വെച്ചുള്ള സമരം മാത്രമാണ് പുണ്യസമരം. ●